"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് ജനറൽ ട്രാൻസ്ഫർ 2023 - അപ്പീലുകൾ പരിശോധിക്കുന്നതിന് അപ്പീൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം. 1603/2023/തസ്വഭവ തീയതി, തിരുവനന്തപുരം 05.08.2023

---

പരാമർശം- സ.ഉ (കൈ) നം. 79/2023/തസ്വഭവ, തീയതി 22.03.2023.

## ഉത്തരവ്

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ 2023 ലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ ക്രമനം. 11 ൽ പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കെതിരെയുള്ള അപ്പീലുകൾ സർക്കാരിൽ സമർപ്പിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നിരവധി അപ്പീൽ അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ക്രോഡീകരിച്ച് പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി - I (ചെയർമാൻ), അഡീഷണൽ സെക്രട്ടറി - II, ജോയിന്റ് സെക്രട്ടറി - II (കൺവീനർ) എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു അപ്പീൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകാവുന്നു.

പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ ബുധനാഴ്ചകളിലും അപ്പീൽ കമ്മിറ്റി യോഗം ചേരേണ്ടതും പരാതികളിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് ചുവടെപ്പറയുന്ന സെക്ഷനുകൾ അതത് കാറ്റഗറികളുമായി ബന്ധപ്പെട്ട അപ്പീലുകളിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(മറുപുറം...)

| കാറ്റഗറി | സെക്ഷൻ |
| --- | --- |
| Senior Clerk,<br>Public Health Inspector Grade I | തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ് |
| Senior Secretary/ Secretary LSGIs | തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ് |
| Assistant Secretary (HG), LSGI/<br>Assistant Secretary, LSGI<br>Head Clerk/ Senior Extension Officer | തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് |
| Extension Officer Grade I | തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ് |
| Senior Public Health Inspector Grade I,<br>Senior Public Health Inspector Grade II,<br>Clean City Manager (Corporation/ Municipality) | തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ് |
| First Grade Draftsman/ First Grade Overseer<br>Second Grade Draftsman/ Second Grade Overseer<br>Third Grade Draftsman/ Third Grade Overseer<br>Assistant Engineer (Civil Wing)<br>Draftsman Grade I/ Town Planning Surveyor Grade I | തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-ERA2/104/2023-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ